(ബി) എത്ര വീടുകളുടെ പണി ആരംഭിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) അപേക്ഷകർക്ക് കൃത്യമായി സഹായധനത്തിന്റെ തവണകളും നൽകുവാൻ നടപടികളും സ്വീകരിച്ചിട്ടുണ്ടോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്):

(എ) സന്നദ്ധ സംഘടനകളും വഴി ദുർബല വിഭാഗക്കാർക്കുള്ള ഭവന നിർമ്മാണ പദ്ധതിപ്രകാരം 10000 വീടുകളും പ്രകൃതിക്ഷോഭം മൂലം വീട് നഷ്ടപ്പെട്ടവർക്ക് സന്നദ്ധ സംഘടനകളുടെ സഹകരണത്തോടുകൂടി നടപ്പാക്കുന്ന പുനരധിവാസ പദ്ധതിപ്രകാരം 1 ലക്ഷം വീടുകളുമാണ് ഈ വർഷം നിർമ്മിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) 90000 വീടുകളുടെ പണി ഇതിനകം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

(സി) ഉണ്ട്.

കയർ പിരിമേഖലയിൽ യന്ത്രവൽക്കരണം ഏർപ്പെടുത്തുന്നതിന് എതിരായി നിവേദനം

* 89 [94] ശ്രീമതി കെ. ആർ. ഗൗരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർപിരിമേഖലയിൽ യന്ത്രവൽക്കരണം ഏർപ്പെടുത്തുന്നതിനെതിരായി നിവേദനം വല്ലതും സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ?

വ്യവസായ വകുപ്പു മന്ത്രി (ശ്രീ. ഇ. അഹമ്മദ്):

(എ) ഉണ്ട്.

(ബി) തൊഴിലവസരങ്ങളും നഷ്ടപ്പെടുത്തുന്ന യന്ത്രവൽക്കരണത്തെ സർക്കാർ അനുകൂലിക്കുന്നില്ല. എന്നാൽ തൊഴിലാളികളുടെ അദ്ധ്വാനഭാരം കുറക്കുകയും ഉൽപ്പാദന വർദ്ധനവും ഗുണമേൻമയും ഉറപ്പു വരുത്തുകയും ചെയ്യുന്ന ആധുനിക യന്ത്രവൽക്കരണം സർക്കാർ നയത്തിന്റെ ഭാഗമാണ്.

കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനയോഗ്യമായ ബസ്സുകൾ

* 90. [95] ശ്രീ. കെ. വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ പ്രവർത്തനയോഗ്യമായ എത്ര ബസ്സുകൾ ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1985–86–ൽ കെ. എസ്. ആർ. ടി. സി. എത്ര പുതിയ ബസ്സുകൾ റോഡിലിറക്കി എന്ന് വ്യക്തമാക്കാമോ;

(സി) അതിൽ ലൈലൻറ് ബസ് എത്ര; ബെൻസ് ബസ് എത്ര?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ):

(എ) 2263 ബസുകൾ.

(ബി) 113 ബസുകൾ.

(സി) ലൈലൻറ് ബസ്–63, ബെൻസ് ബസ്–50.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

കണ്ടക്ടർമാരുടെ റാങ്ക് ലിസ്റ്റ്

204. [279] ശ്രീ. ടി. എസ്. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി., കെ. എസ്. ആർ. ടി. സി. കണ്ടക്ടർമാരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര നാളായി പ്രസിദ്ധീകരിച്ചിട്ട്;

(സി) ഇവരെ നിയമിക്കാതിരിക്കുന്നതിൻെറ കാരണമെന്ത്;

(ഡി) എംപ്ലോയ്മെൻറിൽ നിന്നെടുത്ത എത്രപേർ കോർപ്പറേഷനിൽ ഇപ്പോൾ ജോലി ചെയ്യുന്നു ;

(ഇ) പി. എസ്. സി. റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയ ശേഷവും അവരെ സർവ്വീസിൽ തുടരാനനുവദിക്കുന്നതിൻെറ കാരണമെന്താണ്?

ഉത്തരം

(എ) ഉണ്ട്.

(ബി) 1–2–1985–ൽ പി. എസ്. സി. ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

(സി) ബസ്–സ്റ്റാഫ് അനുപാതം കുറയ്ക്കണമെന്ന കാരണത്താൽ പുതിയ നിയമനങ്ങൾ നിറുത്തി വച്ചിരിക്കുന്നു. കൂടാതെ കോർപ്പറേഷൻെറ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തും നിലവിലുള്ള സർവ്വീസ് ആളുകളുടെ എണ്ണം കണക്കിലെടുത്തും ഇവരെ നിയമിക്കാൻ കോർപ്പറേഷന് സാധിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly